# പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന – നിയമാവലി

## പദ്ധതിയുടെ വിവരങ്ങൾ:

ഏതെങ്കിലും അപകടം കാരണം സംഭവിക്കുന്ന മരണത്തിനോ അംഗവൈകല്യത്തിനോ അപകട ഇൻഷൂറൻസ് പരിരക്ഷ ലഭ്യമാക്കുന്ന ഒരു വർഷത്തേക്കുള്ള ഒരു പദ്ധതിയാണിത്. ഇത് വർഷാവർഷം പുതുക്കാവുന്നതാണ്. ഈ പദ്ധതി, ബാങ്കുകളുടെ അംഗീകാരത്തോടും അവരുമായുള്ള ടൈ–അപ് വ്യവസ്ഥയോടും കൂടി പൊതുമേഖലാ ജനറൽ ഇൻഷൂറൻസ് കമ്പനികളോ, തത്തുല്യമായ വ്യവസ്ഥകളിന്മേൽ അതേ ഉത്പന്നങ്ങൾ ലഭ്യമാക്കാൻ തയ്യാറുള്ള മറ്റേതെങ്കിലും ജനറൽ ഇൻഷൂറൻസ് കമ്പനികളോ മുഖാന്തിരമായിരിക്കും നടപ്പിൽ വരുന്നത്. ഇതിൽ പങ്കാളികളായ ബാങ്കുകൾക്ക്, ഈ പദ്ധതി നടപ്പാക്കാനായി തങ്ങളുടെ വരിക്കാർക്കു വേണ്ടി ഏത് ലൈഫ് ഇൻഷൂറൻസ് കമ്പനിയേയും ചുമതലപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യമുണ്ട്.

<u>പദ്ധതിയുടെ വ്യാപ്തി:</u> പങ്കാളികളായ ബാങ്കുകളുടെ, 18നും 70 വയസ്സിനും ഇടയിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഇടപാടുകാർക്ക് ഈ പദ്ധതിയിൽ ചേരാൻ അർഹതയുണ്ട്. ഒരു വ്യക്തിക്ക് ഒരു ബാങ്കിലോ ഒന്നിലധികം ബാങ്കുകളിലോ ഒന്നിലധികം സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ഉണ്ടെങ്കിൽ ഒരേ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ മാത്രമേ ഈ പദ്ധതിയിൽ ചേരാൻ ആ വ്യക്തിക്ക് അർഹതയുള്ളു. ബാങ്ക് അക്കൗണ്ടിന് കെ വൈ സി (നിങ്ങളുടെ ഇടപാടുകാരനെ അറിയുക) അടിസ്ഥാന രേഖ ആധാർ ആയിരിക്കും.

<u>പദ്ധതിയിൽ ചേരാനുള്ള നടപടിക്രമവും കാലാവധിയും</u>: 1 ജൂൺ മുതൽ 31 മെയ് വരെയുള്ള ഒരു വർഷത്തെ പരിരക്ഷാ-അവധിക്കായി ഈ പദ്ധതിയിൽ ചേരാനും തങ്ങളുടെ നിർദ്ദിഷ്ട സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും സ്വയമേവ തുക കിഴിക്കാനുമുള്ള സമ്മതം വരിക്കാർ നിർദ്ദിഷ്ട ഫോറങ്ങളിൽ, ഓരോ വർഷവും മെയ് 31ന് മുൻപ് നൽകേണ്ടതായിട്ടുണ്ട്. ആദ്യ വർഷം 31 ആഗസ്ത് 2015 വരെ വൈകി പദ്ധതിയിൽ ചേരുക സാദ്ധ്യമാണ്. ഈ കാലാവധി ഭാരത സർക്കാർ 3 മാസത്തേക്കു കൂടി, അതായത് 31 നവംബർ 2015 വരെ നീട്ടി നൽകിയേക്കാം. നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി, മുഴുവൻ വാർഷിക പ്രീമിയം അടച്ച് പിന്നീടും ഈ പദ്ധതിയിൽ ചേരാവുന്നതാണ്. കഴിഞ്ഞകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികളോടെ ഈ പദ്ധതി തുടരുകയാണെങ്കിൽ പദ്ധതിയിൽ ചേരാനും ആട്ടോ–ഡെബിറ്റിനുമായി അപേക്ഷകർക്ക് അനിശ്ചിതകാല/ദീർഘകാല ഓപ്ഷൻ നല്കാവുന്നതാണ്. പദ്ധതിയിൽ നിന്നും ഒരിക്കൽ പിന്മാറിയ വ്യക്തിയ്ക്ക്, പിന്നീട് ഏതെങ്കിലും വർഷം മേല്പറഞ്ഞ നടപടിക്രമം അനുസരിച്ച് വീണ്ടും ഈ പദ്ധതിയിൽ ചേരാവുന്നതാണ്. ആദ്യമായി പദ്ധതിയിൽ ചേരാൻ ഓരോ വർഷവും അർഹരാകുന്ന വ്യക്തികൾക്കും, ഇപ്പോൾ അർഹരെങ്കിലും പദ്ധതിയിൽ ചേരാതിരുന്നവർക്കും ഈ പദ്ധതി തുടരുന്ന വരുംകാലയളവിൽ ഇപ്രകാരം ചേരാവുന്നതാണ്.

<u>ആനുകൂല്യങ്ങൾ</u>: താഴെ കൊടുത്ത പട്ടിക പ്രകാരം:

| | ആനുകൂല്യങ്ങളുടെ പട്ടിക | ഇൻഷൂറൻസ് തുക |
|---|---|---|
| ക. | മരണം | രൂ.2 ലക്ഷം |
| ഖ. | രണ്ടു കണ്ണുകളും പൂർണ്ണമായും നഷ്ടപ്പെടുക,കാഴ്ച് തിരിച്ചുകിട്ടാൻ സാദ്ധ്യതയില്ലതാകുക , രണ്ടു കൈകളും രണ്ടു കാലുകളും ഉപയോഗിക്കാനാകാതാകുക, ഒരു കണ്ണും ഒരു കൈയോ കാലോ ഉപയോഗിക്കാനാകാതാകുക | രൂ.2 ലക്ഷം |
| ഗ. | ഒരു കണ്ണ് പൂർണ്ണമായും നഷ്ടപ്പെടുക,കാഴ്ച് തിരിച്ചുകിട്ടാൻ സാദ്ധ്യതയില്ലതാകുക,ഒരു കൈയോ കാലോ ഉപയോഗിക്കാനാകാതാകുക | രൂ.1 ലക്ഷം |

പ്രീമിയം: പ്രതി വർഷം പ്രതി അംഗം 12 രൂപ. പദ്ധതി പ്രകാരം ഓരോ വാർഷിക പരിരക്ഷാ കാലാവധിയിലെ ജൂൺ 1നോ അതിനു മുൻപായോ, സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും ആട്ടോ – ഡെബിറ്റ് വഴി പ്രീമിയം കിഴിക്കുന്നതായിരിക്കും. ആട്ടോ – ഡെബിറ്റ് ജൂൺ 1ന് ശേഷമാണ് എങ്കിൽ ആട്ടോ – ഡെബിറ്റിനു ശേഷം വരുന്ന മാസത്തെ ആദ്യ ദിനം തൊട്ടായിരിക്കും പരിരക്ഷ ലഭിക്കുന്നത്

വാർഷിക അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തിനുള്ള അവകാശവാദങ്ങളെ ആധാരമാക്കി പ്രീമിയം പുന:പരിശോധിക്കപ്പെടുന്നതാണ്. എന്നിരുന്നാലും അങ്ങേയറ്റം പ്രതികൂലമായ അനന്തരഫലങ്ങൾ ഉളവാക്കുന്ന സാഹചര്യങ്ങൾ ഒഴിച്ചു നിർത്തിയാൽ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ പ്രീമിയം വർദ്ധിപ്പിക്കാതിരിക്കാനുള്ള എല്ലാ ശ്രമങ്ങളും ഉണ്ടായിരിക്കും.

അർഹത സംബന്ധിച്ച വ്യവസ്ഥകൾ:
മേല്പറഞ്ഞ നടപടിക്രമങ്ങളനുസരിച്ച് , ഈ പദ്ധതിയിൽ ചേരുവാൻ/പ്രീമിയം തുക സ്വയമേവ കിഴിക്കുവാൻ തങ്ങളുടെ സമ്മതം നൽകിയ, പങ്കാളികളായ ബാങ്കുകളുടെ 18 വയസ്സിനും (പൂർത്തീകരിച്ചത്) 70 വയസ്സിനും (തൊട്ടടുത്ത ജന്മദിനപ്രകാരം) ഇടയിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഇടപാടുകാർ.

മുഖ്യ പോളിസിധാരകർ: പദ്ധതിയുടെ വരിക്കാർക്ക് വേണ്ടി പങ്കാളികളായ ബാങ്കുകൾ ആണ് മുഖ്യ പോളിസി ധാരകർ. പങ്കാളികളായ ബാങ്കുകളുമായി കൂടിയാലോചിച്ച് ബന്ധപ്പെട്ട ജനറൽ ഇൻഷൂറൻസ് കമ്പനി, സരളവും വരിക്കാർക്ക് സൗകര്യപ്രദവുമായ നടത്തിപ്പും, നഷടപരിഹാരത്തിനുള്ള അവകാശങ്ങളിൽ തീർപ്പു കല്പിക്കുവാനുള്ള നടപടിക്രമവും ഏർപ്പെടുത്തും.

ഇൻഷൂറൻസ് പരിരക്ഷ അവസാനിപ്പിക്കൽ: താഴെ പറയുന്നതേതെങ്കിലും സംഭവിക്കുകയാണെങ്കിൽ അംഗത്തിന് ലഭിക്കുന്ന ഇൻഷൂറൻസ് പരിരക്ഷ അവസാനിക്കുന്നതായിരിക്കും. അതിനു ശേഷം യാതൊരു ആനുകൂല്യങ്ങളും നൽകപ്പെടുന്നതല്ല. :

1) 70 വയസ്സ് പൂർത്തിയാകുന്ന തീയ്യതി (ഏറ്റവും അടുത്ത ജന്മദിനം)

2) ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കുക/ഇൻഷൂറൻസ് നിലനിർത്താനായി ആവശ്യമായ തുക അക്കൗണ്ടിൽ ഇല്ലാതിരിക്കുക.

3) ഏതെങ്കിലും അംഗത്തിന് ഇൻഷൂറൻസ് കമ്പനി മനപ്പൂർവമല്ലാതെ ഒന്നിലധികം അക്കൗണ്ടുകളിൽ പരിരക്ഷ നല്കുകയും പ്രീമിയം സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് ഒരു അക്കൗണ്ട് ആയി നിജപ്പെടുത്തുന്നതും അടച്ച പ്രീമിയം കണ്ടുകെട്ടുന്നതുമാണ്.

4) നിശ്ചിത തീയ്യതിക്ക് അക്കൗണ്ടിൽ അപര്യാപ്തമായ തുക ശേഷിക്കുക തുടങ്ങിയ സാങ്കേതിക കാരണങ്ങളാലോ നടത്തിപ്പു സംബന്ധമായ മറ്റേതെങ്കിലും പ്രശ്നങ്ങളാലോ ഇൻഷൂറൻസ് പരിരക്ഷ അവസാനിക്കുകയാണെങ്കിൽ മുഴുവൻ വാർഷിക പ്രീമിയം അടച്ചാൽ, നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പരിരക്ഷ പുന:സ്ഥാപിക്കപ്പെടുന്നതാണ്. ഈ കാലയളവിൽ ഇൻഷൂറൻസ് പരിരക്ഷ തൽക്കാലത്തേക്കു ലഭ്യമാകുന്നതല്ല. ഇൻഷൂറൻസ് പരിരക്ഷ പുന:സ്ഥാപിക്കുന്നത് തികച്ചും ഇൻഷൂറൻസ് കമ്പനിയുടെ വിവേചനാധികാരപ്രകാരമായിരിക്കും.

5) പങ്കാളികളായ ബാങ്കുകൾ, ആട്ടോ-ഡെബിറ്റ് ഓപ്ഷനിൽ പറഞ്ഞിരിക്കുന്ന മാസം , സാദ്ധ്യമെങ്കിൽ ഓരോ വർഷവും മെയ് മാസത്തിൽ തന്നെ, പ്രീമിയം തുക കിഴിക്കേണ്ടതും അതേ മാസം തന്നെ ബന്ധപ്പെട്ട ഇൻഷൂറൻസ് കമ്പനിയ്ക്ക് നൽകേണ്ടതുമാണ്.

നിർവഹണം:

മേല്പറഞ്ഞ കാര്യങ്ങൾക്ക് വിധേയമായി ഈ പദ്ധതിയുടെ നിർവഹണചുമതല ഇൻഷൂറൻസ് കമ്പനികൾക്കായിരിക്കും. ഇതു സംബന്ധിച്ച ഡാറ്റാ പ്രവാഹത്തേയും ഡാറ്റാ ഫോറങ്ങളേയും കുറിച്ച് പിന്നീട് അറിയിക്കുന്നതായിരിക്കും.

ആട്ടോ-ഡെബിറ്റ് പ്രൊസസ് വഴിയായി നിശ്ചിത അവധിയ്ക്കുള്ളിൽ അക്കൗണ്ട് ഇടപാടുകാരിൽ നിന്നും അവരുടെ സമ്മതപ്രകാരം ഒരൊറ്റ ഗഡുവായി പ്രീമിയം വസൂലാക്കേണ്ടുന്ന ചുമതല പങ്കാളികളായ ബാങ്കുകളുടേതാണ് .

പദ്ധതിയിൽ ചേരാനുള്ള അപേക്ഷാഫാറം/ആട്ടോ ഡെബിറ്റ് അനുമതിപത്രം എന്നിവ നിർദ്ദിഷ്ട ഫോറങ്ങളിൽ പൂരിപ്പിച്ചു വാങ്ങി പങ്കാളിയായ ബാങ്ക് സൂക്ഷിക്കേണ്ടതാണ്. ഏതെങ്കിലും അവകാശവാദം ഉയരുകയാണെങ്കിൽ ഇൻഷൂറൻസ് കമ്പനി അത് ആവശ്യപ്പെട്ടേക്കാം. എപ്പോൾ വേണമെങ്കിലും ഈ രേഖകൾ ആവശ്യപ്പെടാൻ ഇൻഷൂറൻസ് കമ്പനിക്ക് അധികാരമുണ്ട്.

അക്നോളഡ്ജ്മെന്റ് സ്ലിപ്, അക്നോളഡ്ജ്മെന്റ് സ്ലിപ്-കം-ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് രൂപത്തിൽ നൽകാവുന്നതാണ്.

ആവശ്യമെന്നു കണ്ടാൽ പദ്ധതിയിൽ വേണ്ടുന്ന മാറ്റങ്ങൾ കൊണ്ടുവരാനായി വാർഷികാടിസ്ഥാനത്തിൽ പദ്ധതി നിരീക്ഷണത്തിന് വിധേയമാക്കുന്നതാണ്.

പ്രീമിയത്തിന്റെ വിനിയോഗം :

1) ഇൻഷൂറൻസ് കമ്പനിക്കുള്ള പ്രീമിയം : രൂപ 10/- പ്രതി വർഷം പ്രതി അംഗം
2) ബി സി/മൈക്രോ/കോർപറേറ്റ്/ഏജന്റിന് ചിലവായ പണം മടക്കിക്കൊടുക്കാൻ : രൂപ 1/- പ്രതി വർഷം പ്രതി അംഗം
3) പങ്കാളിയായ ബാങ്കിന് നടത്തിപ്പ് ചിലവ് മടക്കിക്കൊടുക്കാൻ : രൂപ 1/- പ്രതി വർഷം പ്രതി അംഗം

പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തീയ്യതി 1 ജൂൺ 2015 ആണ്. വാർഷികാടിസ്ഥാനത്തിൽ പിന്നീടുള്ള വർഷങ്ങളിൽ ജൂൺ 1 നായിരിക്കും പുതുക്കേണ്ടത്.

പരിതസ്ഥിതികൾക്കനുസൃതമായി, ഭാവിയിൽ ഇൻഷൂറൻസ് പുതുക്കേണ്ടുന്ന ഏതെങ്കിലും തീയ്യതി പ്രാബല്യത്തിൽ വരുന്നതിനു മുൻപു തന്നെ ഈ പദ്ധതി അവസാനിപ്പിക്കാനും ഇടയുണ്ട്.

അടിക്കടി ഉയരുന്ന ചോദ്യങ്ങൾ

അടുത്ത പേജ് കാണുക.

## പ്രധാനമന്ത്രി ജീവൻ സുരക്ഷാ ബീമാ യോജന
## – അടിക്കടി ഉയരുന്ന ചോദ്യങ്ങൾ

**ചോദ്യം 1. എന്താണ് പദ്ധതിയുടെ സ്വഭാവം ?**

ഏതെങ്കിലും അപകടം കാരണം സംഭവിക്കുന്ന മരണത്തിനോ അംഗവൈകല്യത്തിനോ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്ന ഒരു വർഷത്തേക്കുള്ള വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതിയാണിത്. ഇത് വർഷാവർഷം പുതുക്കാവുന്നതാണ്.

**ചോദ്യം 2. ഈ പദ്ധതിയിലെ ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ? എത്ര രൂപ പ്രീമിയം അടയ്ക്കേണ്ടി വരും ?**

ആനുകൂല്യങ്ങൾ താഴെ പറയുന്നവയാണ് :

| | ആനുകൂല്യങ്ങളുടെ പട്ടിക | ഇൻഷുറൻസ് തുക |
|---|---|---|
| ക. | മരണം | രൂ.2 ലക്ഷം |
| ഖ. | രണ്ടു കണ്ണുകളും പൂർണ്ണമായും നഷ്ടപ്പെടുക,കാഴ്ച് തിരിച്ചുകിട്ടാൻ സാദ്ധ്യതയില്ലതാകുക, രണ്ടു കൈകളും രണ്ടു കാലുകളും ഉപയോഗിക്കാനാകാതാകുക, ഒരു കണ്ണും ഒരു കൈയോ കാലോ ഉപയോഗിക്കാനാകാതാകുക | രൂ.2 ലക്ഷം |
| ഗ. | ഒരു കണ്ണ് പൂർണ്ണമായും നഷ്ടപ്പെടുക,കാഴ്ച് തിരിച്ചുകിട്ടാൻ സാദ്ധ്യതയില്ലതാകുക,ഒരു കൈയോ കാലോ ഉപയോഗിക്കാനാകാതാകുക | രൂ.1 ലക്ഷം |

ഓരോ അംഗവും അടയ്ക്കേണ്ട പ്രീമിയം പ്രതിവർഷം 12 രൂപയായിരിക്കും.

**ചോദ്യം 3. എങ്ങിനെയാണ് പ്രീമിയം അടയ്ക്കേണ്ടത് ?**

പദ്ധതിയിൽ ചേരുന്ന സമയത്ത് നൽകിയ ഓപ്ഷൻ അനുസരിച്ച് ഒരൊറ്റ ഗഡുവായി ‘ആട്ടോ-ഡെബിറ്റ് ‘‘ വഴിയായി ഇടപാടുകാരന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും പ്രീമിയം കിഴിവു ചെയ്യപ്പെടുന്നതാണ്. വർഷം തോറും ഈ പദ്ധതിയുടെ നടത്തിപ്പിന്റെ അനുഭവങ്ങളെ നിരീക്ഷിച്ച ശേഷം ആവശ്യമായി വരുന്ന മാറ്റങ്ങൾക്ക് വിധേയമായി, ഈ പദ്ധതി നിലവിലിരിക്കുന്നിടത്തോളം കാലം ഓരോ വർഷവും ‘ആട്ടോ-ഡെബിറ്റ്’ ചെയ്യാൻ അംഗങ്ങൾക്ക് ബാങ്കിനെ അധികാരപ്പെടുത്താവുന്നതാണ്.

**ചോദ്യം 4. ആരാണ് പദ്ധതി ലഭ്യമാക്കുക /പദ്ധതിയുടെ നടത്തിപ്പ് ചുമതല വഹിക്കുക ?**

ഈ പദ്ധതി, ആവശ്യമായ അംഗീകാരത്തോടു കൂടി , ബാങ്കുകളുമായി ചേർന്ന് പൊതുമേഖലാ ജനറൽ ഇൻഷുറൻസ് കമ്പനികളോ, തത്തുല്യമായ വ്യവസ്ഥകളിന്മേൽ അതേ ഉത്പന്നങ്ങൾ ലഭ്യമാക്കാൻ തയ്യാറുള്ള മറ്റേതെങ്കിലും ജനറൽ ഇൻഷുറൻസ് കമ്പനികളോ മുഖാന്തിരമായിരിക്കും നടപ്പിൽ വരുന്നത്. ഇതിൽ പങ്കാളികളായ ബാങ്കുകൾക്ക്, ഈ പദ്ധതി നടപ്പാക്കാനായി തങ്ങളുടെ വരിക്കാർക്കു വേണ്ടി ഏത് ലൈഫ് ഇൻഷുറൻസ് കമ്പനിയേയും ചുമതലപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യമുണ്ട്.

**ചോദ്യം 5. വരിക്കാരാകാൻ അർഹതയുള്ളവർ ആരൊക്കെയാണ് ?**

പങ്കാളികളായ ബാങ്കുകളുടെ 18വയസ്സിനും 70 വയസ്സിനും ഇടയിലുള്ള സേവിംഗ്സ് ബാങ്ക് ഇടപാടുകാർ ഈ പദ്ധതിയിൽ ചേരാൻ അർഹരാണ്. ഒരു ബാങ്കിലോ ഒന്നിലധികം ബാങ്കുകളിലോ ഒന്നിലധികം അക്കൗണ്ടുള്ള വ്യക്തിയ്ക്ക് ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ മാത്രമേ പദ്ധതിയിൽ ചേരാൻ സാദ്ധ്യമാകുകയുള്ളു.

ചോദ്യം **6.** പദ്ധതിയിൽ ചേരാനുള്ള കാലാവധിയും നടപടി ക്രമവും എന്താണ് ?

തുടക്കത്തിൽ 1 ജൂൺ 2015 മുതൽ 31 മെയ് 2016 വരെയുള്ള പരിരക്ഷാ-അവധിക്കായി ആരംഭിച്ച ഈ പദ്ധതിയിൽ ചേരാനും തങ്ങളുടെ അക്കൗണ്ടിൽ നിന്നും സ്വയമേവ തുക കിഴിക്കാനുമുള്ള സമ്മതം വരിക്കാർ 31 മെയ് 2015നകം നൽകിയിരിക്കണം. നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി 31 ആഗസ്ത് 2015 വരെ പദ്ധതിയിൽ വൈകി ചേരാൻ സാദ്ധ്യമാണ്.

ആദ്യവർഷത്തിനു ശേഷം പദ്ധതിയിൽ തുടരാൻ ആഗ്രഹിക്കുന്നവർ ആട്ടൊ–ഡെബിറ്റ് ചെയ്യാനുള്ള തങ്ങളുടെ സമ്മതം വരും വർഷങ്ങളിൽ മെയ് 31നു മുൻപ് നൽകിയിരിക്കണം. ഈ തീയ്യതിക്കു ശേഷം പുതുക്കേ ണ്ടതായിട്ടുണ്ടെങ്കിൽ മുഴുവൻ വാർഷിക പ്രീമിയം തുകയും അടച്ച് നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി പുതുക്കാവുന്നതാണ്.

ചോദ്യം **7.** ആദ്യ വർഷം പദ്ധതിയിൽ ചേരാനാകാത്ത അർഹതപ്പെട്ട വ്യക്തികൾക്ക് വരും വർഷങ്ങളിൽ ഇതിൽ ചേരാനാകുമോ ?

തീർച്ചയായും. ആട്ടൊ–ഡെബിറ്റ് വഴി പ്രീമിയം തുക അടച്ച് ചേരാവുന്നതാണ്. വരും കൊല്ലങ്ങളിൽ പുതുതായി അർഹത കൈവരിക്കുന്ന വ്യക്തികൾക്കും ഇങ്ങിനെ ചേരാവുന്നതാണ്.

ചോദ്യം **8.** പദ്ധതിയിൽ നിന്നും ഒരിക്കൽ പിന്മാറിയ വ്യക്തിക്ക് വീണ്ടും ഇതിൽ ചേരാനാകുമോ ?

പദ്ധതിയിൽ നിന്നും ഒരിക്കൽ പിന്മാറിയ വ്യക്തിയ്ക്ക്, പിന്നീട് ഏതെങ്കിലും വർഷം മുഴുവൻ വാർഷിക പ്രീമിയം തുകയും അടച്ച് നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി ചേരാവുന്നതാണ്.

ചോദ്യം **9.** പദ്ധതിയിൽ മുഖ്യ പോളിസിധാരകർ ആരാണ് ?

പങ്കാളികളായ ബാങ്കുകൾ ആണ് മുഖ്യ പോളിസി ധാരകർ. പങ്കാളികളായ ബാങ്കുകളുമായി കൂടിയാലോചിച്ച് പൊതുമേഖലാ ജനറൽ ഇൻഷൂറൻസ് കമ്പനികൾ / തിരഞ്ഞെടുക്കപ്പെട്ട ഇൻഷൂറൻസ് കമ്പനികൾ, സരളവും വരിക്കാർക്ക് സൗകര്യപ്രദവുമായ നടത്തിപ്പും, നഷ്ടപരിഹാരത്തിനുള്ള അവകാശങ്ങളിൽ തീർപ്പു കല്പിക്കുവാനുള്ള നടപടിക്രമവും ഏർപ്പെടുത്തും.

ചോദ്യം **10.** ഒരു അംഗത്തിന്റെ ഇൻഷൂറൻസ് പരിരക്ഷ എങ്ങിനെ അവസാനിക്കും?

താഴെ പറയുന്നതേതെങ്കിലും സംഭവിക്കുകയാണെങ്കിൽ അംഗത്തിന് ലഭിക്കുന്ന ഇൻഷൂറൻസ് പരിരക്ഷ അവസാനിക്കുന്നതായിരിക്കും/ നിജപ്പെടുത്തുന്നതായിരിക്കും.

1) 70 വയസ്സ് പൂർത്തിയാകുന്ന തീയ്യതി (ഏറ്റവും അടുത്ത ജന്മദിനം)

2) ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കുക/ഇൻഷൂറൻസ് നിലനിർത്താനായി ആവശ്യമായ തുക അക്കൗണ്ടിൽ ഇല്ലാതിരിക്കുക.

3) ഏതെങ്കിലും അംഗത്തിന് ഇൻഷൂറൻസ് കമ്പനി മനപ്പൂർവമല്ലാതെ ഒന്നിലധികം അക്കൗണ്ടുകളിൽ പരിരക്ഷ നല്കുകയും പ്രീമിയം സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് ഒരു അക്കൗണ്ട് ആയി നിജപ്പെടുത്തുന്നതും അടച്ച പ്രീമിയം കണ്ടുകെട്ടുന്നതുമാണ്.

ചോദ്യം **11.** പദ്ധതിയിൽ ഇൻഷൂറൻസ് കമ്പനിയുടേയും ബാങ്കിന്റേയും പങ്ക് എന്തായിരിക്കും ?

i. ബാങ്കുകളുടെ സഹകരണത്തോടെ പൊതുമേഖലാ ജനറൽ ഇൻഷൂറൻസ് കമ്പനികളോ, തത്തുല്യമായ വ്യവസ്ഥകളിന്മേൽ അതേ ഉത്പന്നങ്ങൾ ലഭ്യമാക്കാൻ തയ്യാറുള്ള മറ്റേതെങ്കിലും ജനറൽ ഇൻഷൂറൻസ് കമ്പനികളോ ആയിരിക്കും ഈ പദ്ധതിയുടെ നടത്തിപ്പുകാർ .

ii. ആട്ടോ–ഡെബിറ്റ് പ്രൊസസ് വഴിയായി നിശ്ചിത തീയ്യതിക്കോ അതിനു മുൻപായോ അക്കൗണ്ട് ഇടപാടുകാരിൽ നിന്നും അവരുടെ സമ്മതപ്രകാരം ഒരൊറ്റ ഗഡുവായി പ്രീമിയം വസൂലാക്കേണ്ടതിന്റേയും നിർദ്ദിഷ്ട തുക ഇൻഷൂറൻസ് കമ്പനിക്ക് കൈമാറേണ്ടതിന്റേയും ചുമതല പങ്കാളികളായ ബാങ്കുകളുടേതാണ്.

iii. പദ്ധതിയിൽ ചേരാനുള്ള അപേക്ഷാഫാറം/ആട്ടോ ഡെബിറ്റ് അനുമതിപത്രം/ സമ്മത–പ്രഖ്യാപന പത്രം എന്നിവ നിർദ്ദിഷ്ട ഫോറങ്ങളിൽ പൂരിപ്പിച്ചു വാങ്ങി പങ്കാളിയായ ബാങ്ക് സൂക്ഷിക്കേണ്ടതാണ്. ഏതെങ്കിലും അവകാശവാദം ഉയരുകയാണെങ്കിൽ പൊതുമേഖലാ ജനറൽ ഇൻഷൂറൻസ് കമ്പനി / തിരഞ്ഞെടുക്കപ്പെട്ട ഇൻഷൂറൻസ് കമ്പനി, അത് ആവശ്യപ്പെട്ടേക്കാം. എപ്പോൾ വേണമെങ്കിലും ഈ രേഖകൾ ആവശ്യപ്പെടാൻ പൊതുമേഖലാ ജനറൽ ഇൻഷൂറൻസ് കമ്പനി / തിരഞ്ഞെടുക്കപ്പെട്ട ഇൻഷൂറൻസ് കമ്പനിക്ക് അധികാരമുണ്ട്.

ചോദ്യം **12.** എങ്ങിനെയാണ് പ്രീമിയം വിനിയോഗിക്കപ്പെടുന്നത് ?

1) ഇൻഷൂറൻസ് കമ്പനിക്കുള്ള പ്രീമിയം : രൂപ 10/- പ്രതി വർഷം പ്രതി അംഗം
2) ബി സി/മൈക്രോ/കോർപറേറ്റ്/ഏജന്റിന് ചിലവായ പണം മടക്കിക്കൊടുക്കാൻ : രൂപ 1/- പ്രതി വർഷം പ്രതി അംഗം
3) പങ്കാളിയായ ബാങ്കിന് നടത്തിപ്പ് ചിലവ് മടക്കിക്കൊടുക്കാൻ : രൂപ 1/- പ്രതി വർഷം പ്രതി അംഗം

ചോദ്യം **13.** ഈ പദ്ധതി, മറ്റേതെങ്കിലും ഇൻഷൂറൻസ് പദ്ധതിയിൽ വരിക്കാരന് ലഭ്യമായ പരിരക്ഷയ്ക്ക് പുറമേ ആകാമോ ?

തീർച്ചയായും.

****************